**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 248** **15-02-2024 - ൽ മറുപടിയ്ക്ക്**

**വി.ജി.30 ബിറ്റുമിൻ റോഡ് ടാറിംഗിന് ഉപയോഗിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബി.എം. ആന്റ് ബി.സി. ടാറിങ്ങിനായി നാച്ചുറൽ റബ്ബർ മിക്സ്ഡ് ബിറ്റുമിൻ ഉപയോഗിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | സാധാരണ bitumen നെ അപേക്ഷിച്ച് NRMB ക്ക് ഉയർന്ന skid resistance, മികച്ച road grip, സുഗമമായ വാഹന ബ്രേക്ക് application എന്നിവ ഉള്ളതിനാൽ അപകട സാധ്യത ഗണ്യമായി കുറയുന്നു എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഉയർന്ന ഇലാസ്തികതയും textile capacity യും ഉള്ളതിനാൽ വളരെ നാൾ ഈടുനിൽക്കുന്നതാണ്. ഇവ കൂടാതെ വളരെ താഴ്ന്ന താപസംവേദന ക്ഷമതയും ഉള്ളതിനാൽ വിള്ളലുകളുടെ സാധ്യത കുറയുന്നതാണ്, എന്നും വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | വി.ജി.30 ബിറ്റുമിനും എൻ.ആർ.എം.ബി.യും ഉപയോഗിക്കുമ്പോൾ ഈടുനിൽപ്പ് വ്യത്യാസം വരുന്നത് സംബന്ധിച്ച് പ്രായോഗിക അനുഭവത്തെ മാത്രം ആശ്രയിക്കാതെ ഐ.ഐ.റ്റി. പോലുള്ള വിദഗ്ധ സ്ഥാപനങ്ങളെക്കൊണ്ട് ശാസ്ത്രീയ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | ബിസി ടാറിംഗ് പ്രവൃത്തികൾക്ക് VG 30 ഒഴിവാക്കി NRMB ഉപയോഗിക്കുന്നത് MoRTH (Ministry of Road Transport and Highways) specification പ്രകാരമാണ്. ആവശ്യമുള്ള ശാസ്ത്രീയ പഠനങ്ങൾക്ക് ശേഷമാണ് NRMB ഉപയോഗിക്കുന്നതിന് MoRTH നിഷ്കർഷിച്ചിട്ടുള്ളത്. |
| (സി) | വി.ജി.30 ബിറ്റുമിനും എൻ.ആർ.എം.ബി.യും ഉപയോഗിക്കുമ്പോൾ ഒരു കിലോമീറ്റർ ടാർ ചെയ്യാൻ നിലവിലെ നിരക്കിൽ എത്ര റേറ്റ് വ്യത്യാസം ഉണ്ടാകുമെന്ന് അറിയിക്കാമോ; | (സി) | ഒരു കി.മീ നീളത്തിൽ റോഡിൽ ബിസി പ്രവൃത്തി ചെയ്യാൻ (7മീറ്റർ വീതിയും 3 സെ.മീ കനത്തിലും) NRMB ഉപയോഗിക്കുന്നതിന് VG 30യേക്കാൾ 2,97,418.8 രൂപയാണ് വ്യത്യാസം വരുന്നത്. |
| (ഡി) | വലിയ റേറ്റ് വ്യത്യാസത്തിൽ എൻ.ആർ.എം.ബി. ഉപയോഗിക്കുമ്പോൾ അതിൽ ചേർക്കുന്ന റബ്ബർ സംസ്ഥാനത്തിന്റെ പ്രാദേശിക മാർക്കറ്റിൽ നിന്ന് വാങ്ങുന്നില്ലെന്നതും അതുവഴി സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് പ്രയോജനകരമാകുന്നില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | IRC, MoRTH specification പ്രകാരമാണ് പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യാനാവുക. NRMB ഉപയോഗിച്ച് BC ടാറിംഗ് എന്നാണ് MoRTH നിലവിൽ നിഷ്കർഷിച്ചിട്ടുള്ളത്. |
| (ഇ) | റബ്ബർ കർഷകർക്ക് സഹായം കിട്ടുന്നില്ലെങ്കിൽ വലിയ തുക ചെലവഴിച്ച് എൻ.ആർ.എം.ബി. | (ഇ) | IRC, MoRTH specification പ്രകാരമാണ് പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യാനാവുക. |

| | | | |
|---|---|---|---|
| | ഉപയോഗിക്കാതെ റേറ്റ് കുറഞ്ഞ വി.ജി.30 ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | | NRMB ഉപയോഗിച്ച് BC ടാറിംഗ് എന്നാണ് MoRTH നിലവിൽ നിഷ്കർഷിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ